ആയുധ പരിശീലനം.

* 419. [55] ശ്രീ. സി. കൊച്ചുകുഞ്ഞു് : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ–കൊച്ചിയിലെ ഏതെങ്കിലും സംഘടനയ്ക്കു് വാളന്റിയർമാർക്കു് ആയുധപരിശീലനം നൽകാൻ ഗവണ്മെന്റു് അനുവാദം നൽകിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതു സംഘടനയ്ക്കു്; എന്നുമുതൽ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജോൺ) :

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

പബ്ലിക്ക ലൈബ്രറി.

* 420. [56] ശ്രീ. സി. കൊച്ചുകുഞ്ഞു് : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം പബ്ലിക്ക ലൈബ്രറിയിലേയ്ക്കു് ആവശ്യമുള്ള പുസ്തകങ്ങൾ തിരഞ്ഞെടുക്കുന്നതാരാണു്;

(ബി) 1954–55-ൽ ലൈബ്രറിക്കു് പുസ്തകങ്ങൾ വാങ്ങാൻ എത്ര രൂപ അനുവദിച്ചിരുന്നു. അതിൽ എന്തെങ്കിലും തുക ലാപ്സായിപ്പോയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര; ലാപ്സാകാനുള്ള കാരണമെന്തു്?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) പബ്ലിക്ക ലൈബ്രറി കമ്മിറ്റി അംഗങ്ങൾ നിയമിക്കുന്ന ഒരു സബ്കമ്മിറ്റിയാണു് പുസ്തകങ്ങൾ തിരഞ്ഞെടുക്കുന്നതു്.

(ബി) 1954–55-ൽ പുസ്തകങ്ങൾ വാങ്ങാൻ 12,500 രൂ. അനുവദിച്ചിരുന്നു. അതിൽ ഒരു തുകയും ലാപ്സായിട്ടില്ല.

രണ്ടാം പഞ്ചവത്സരപദ്ധതി.

* 421. [57] ശ്രീ. പി. കെ. കുഞ്ഞച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) രണ്ടാം പഞ്ചവത്സരപദ്ധതിയനുസരിച്ചു് തിരുവിതാംകൂർ–കൊച്ചി സംസ്ഥാനത്തെ പ്രവർത്തനങ്ങൾക്കു് എത്ര കോടി രൂപ ലഭിക്കുമെന്നാണു് പ്രതീക്ഷിക്കുന്നതു്;

(ബി) പദ്ധതികളിൽ ഉൾപ്പെടുത്തേണ്ട കാര്യങ്ങൾ ആസൂത്രണം ചെയ്യുന്നതിനും മറ്റുമായി രൂപീകരിച്ച താലൂക്കു ഡെവലപ്പുമെന്റു കമ്മിറ്റികൾ പിരിച്ചുവിട്ടുകയുണ്ടായോ;

(സി) ഉണ്ടെങ്കിൽ അതിനുള്ള കാരണം എന്താണെന്നു് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) 131 89 കോടി രൂപയുടെ പദ്ധതിക്കും പ്ലാനിംഗ് കമ്മീഷനും അയച്ചിട്ടുണ്ട്. അതിൽ എത്ര അനുവദിക്കുമെന്നു് അറിവില്ല.

(ബി) ഇല്ല.

(സി) ബി-യുടെ ഉത്തരത്തിൽനിന്നും ഇതു് ഉദിക്കുന്നില്ല.

Young Farmers' Club.

* 422 [59] SHRI M. WILLIAM: Will the Chief Minister be pleased to state:

(*a*) is it a fact that Young Farmers' Clubs are started under the Community Project Scheme in Vilavancode-Neyyattinkara taluk;

(*b*) whether it is not a fact that an Young Farmers' Club was organised in Pakode Pakuthy; and

(*c*) is it functioning now; if not what is the reason for it?

Chief Minister (SHRI PANAMPILLI GOVINDA MENON):

(*a*) Yes.

(*b*) Yes.

(*c*) The membership cards with a copy of the approved bye-law are being issued to the Club. The proper functioning of the Club will be commenced only after the cards are filled up and approved by competent authority.

പഞ്ചവത്സരപദ്ധതിയിലെ വ്യവസായങ്ങളും പദ്ധതികളും.

* 423. [60] ശ്രീ. പി. കെ. അ ബ്ദുൽഖാദർ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) രണ്ടാം പഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്തുവാൻ എന്തെല്ലാം വ്യവസായങ്ങളും പദ്ധതികളും സ്റ്റേറ്റിൽ ആരംഭിക്കാനുദ്ദേശിക്കുന്നു;

(ബി) ഓരോ ഡിസ്ട്രിക്റ്റും തിരിച്ചു് എതെല്ലാം തുടങ്ങുവാനാണു് ഉദ്ദേശം?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) രണ്ടാം പഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള വ്യവസായങ്ങളുടെ ഒരു പട്ടിക മേശമേൽ വച്ചിട്ടുണ്ടു്. †

(ബി) ഇതേപ്പറ്റിയുള്ള അവസാന തീരുമാനം ഗവണ്മെന്റ് എടുത്തിട്ടില്ല.

† Please see Appendix VI.

LIBRARY ARCHIVES Kerala Legislative Assembly